പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 837 25.7.2012 ലെ മറുപടിക്ക്

## കില നടത്തിയ പട്ടികജാതി സർവ്വേ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി. വിജയദാസ്<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. കെ. ദാസൻ<br>ശ്രീ. കെ.കെ. നാരായണൻ | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) കില നടത്തിയ പട്ടികജാതി സർവ്വേ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | എ) സംസ്ഥാനത്ത് 26342 പട്ടികജാതി സങ്കേതങ്ങളും 5.64 ലക്ഷം പട്ടികജാതി കുടുംബങ്ങളും ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. കൂടാതെ 16 ഗ്രാമ പഞ്ചായത്തുകളിൽ പട്ടികജാതി സങ്കേതങ്ങളും ഇടുക്കി ജില്ലയിലെ 2 ഗ്രാമ പഞ്ചായത്തുകളിൽ പട്ടികജാതി സമുദായത്തിലെ ഒറ്റപ്പെട്ട കുടുംബങ്ങളും ഇല്ലായെന്ന് കണ്ടെത്തിയിട്ടുണ്ട്.<br>സംസ്ഥാനത്തെ 961 ഗ്രാമപഞ്ചായത്തുകളിലും 60 മുൻസിപ്പാലിറ്റികളിലും 5 കോർപ്പറേഷനുകളിലും പട്ടികജാതി സങ്കേതങ്ങൾ ഉണ്ട്.<br>സർവ്വേയിലൂടെ പട്ടികജാതി സമുദായങ്ങളുടെ അഞ്ചോ അതിൽ അധികമോ വീടുകൾ അടുത്തടുത്ത് സ്ഥിതി ചെയ്യുന്ന പ്രദേശങ്ങൾ കണ്ടെത്തി വീട്, ശുചിത്വ കക്കൂസ്, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങളുടേയും കുടിവെള്ളം, തെരുവു വിളക്കുകൾ, യാത്രാ സൗകര്യങ്ങൾ, പൊതു സൗകര്യങ്ങൾ എന്നിവയുടെ അപര്യാപ്തതയും അവസ്ഥയും കണ്ടെത്താൻ കഴിഞ്ഞു. |

| | |
|---|---|
| (ബി) പട്ടികജാതിക്കാർ സർവ്വമേഖലയിലും പിന്നിലായിരിക്കുന്ന സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2011-12-ൽ ഗ്രാന്റ് ഇൻ എയിഡ് ആയി നീക്കിവച്ചിരുന്ന തുകയുടെ 41 ശതമാനത്തിലധികം (315 കോടി രൂപ) നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ? | ബി) നാലാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ സർക്കാർ അംഗീകരിച്ച ശുപാർശ പ്രകാരം പ്രത്യേക ഘടക പദ്ധതി (എസ്.സി.പി) ഗ്രാന്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വകയിരുത്തുന്നത് വികസന ഫണ്ടിൽ ഉൾപ്പെടുത്തിയാണ്. 2011-12 സാമ്പത്തിക വർഷത്തിൽ വികസന ഫണ്ടിനത്തിൽ 25,18,79,24,000/-രൂപ വകയിരുത്തുകയും പ്രസ്തുത തുകയിൽ നിന്നും പ്രത്യേക ഘടക പദ്ധതി വിഹിതം പൂർണ്ണമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ